സർവ്വ ശിക്ഷാ അഭിയാൻ കേരളം 512

നിരന്തര മൂല്യനിർണ്ണയം – യൂണിറ്റ് ടെസ്റ്റ് 2011–12

ചോദ്യ ബാങ്ക് ക്ലാസ്സ് : V

വിഷയം : മലയാളം (അടിസ്ഥാന പാഠാവലി)

## മേഖല : I കത്ത്

**പ്രവർത്തനം : 1**

മഴയെന്നുകേൾക്കുമ്പോൾ മനസ്സിൽ ഒരു നനവും കുളിരും തോന്നാറില്ലേ ? മഴ നമുക്കും ഇഷ്ടമാണല്ലോ.

പുത്തൻ ഉടുപ്പും ധരിച്ച് സ്കൂളിൽ പോകാൻ തയ്യാറായി നിൽക്കുമ്പോഴാണ് എവിടെനിന്നോ മഴ ഓടിയെത്തിയത്. മിന്നുമോൾക്ക് മഴയോട് എന്തൊക്കെയോ പറയണമെന്നു തോന്നി. മിന്നുമോൾ മഴയോടു പറയാൻ സാധ്യതയുള്ള കാര്യങ്ങൾ കത്തിന്റെ രൂപത്തിൽ കൂട്ടുകാർക്ക് എഴുതാമോ ?

**പ്രവർത്തനം : 2**

“പോയി വരാന്തയിൽ നിൽക്കു. ക്ലാസ്സ് മുറി വൃത്തികേടാക്കാതെ.” ടീച്ചർ ചൂരൽ ചൂണ്ടി അവളെ വരാന്തയിലേക്കു മാറ്റി നിർത്തി.

മഴയാണല്ലോ ഇതിനെല്ലാം കാരണം. ലില്ലിയുടെ മനസ്സിലേക്ക് മഴയെക്കുറിച്ചുള്ള ചിന്തകൾ ഓടിയെത്തി. എന്തെല്ലാം ചിന്തകളായിരിക്കും ലില്ലിയുടെ മനസ്സിലുണ്ടാകുക.

**അവളുടെ സങ്കടങ്ങൾ അറിയിച്ചുകൊണ്ട് മഴയ്ക്കൊരു കത്ത് തയ്യാറാക്കുക.**

**പ്രവർത്തനം : 3**

ആർത്തട്ടഹസിച്ചു പെയ്യുന്ന മഴ. തോടുകളും പുഴകളും കവിഞ്ഞൊഴുകുന്നു. മഴവെള്ളപാച്ചിലിൽ നാടും നഗരവും വെള്ളത്തിലായി. എല്ലാം നഷ്ടപ്പെട്ടവർ നിസ്സഹായരായി നോക്കി നിൽക്കുന്നു. കൂട്ടത്തിൽ നിങ്ങളുടെ പ്രിയകൂട്ടുകാരനായ മനുവിന്റെ വീടും നഷ്ടപ്പെട്ടു.

**ഈ സങ്കടം വിവരിച്ചുകൊണ്ട് മറുനാട്ടിൽ ജോലിചെയ്യുന്ന അച്ഛന് കത്തെഴുതുക.**

**പ്രവർത്തനം : 4**

“ചിന്നിത്തെറിക്കും നറുമുത്തു പോലെ
നീളുന്നവെള്ളിത്തെളിനൂലുപോലെ
ആകാശ ഗംഗ പ്രസരങ്ങൾ പോലെ-
യാഹാ ! പതിപ്പൂ പുതുവർഷതോയം”

(വർഷാഗമം) ( വൈലോപ്പിള്ളി )

വരണ്ട വേനലിനൊടുവിൽ എത്തുന്ന പുതുമഴയെ ആഹ്ലാദത്തോടെ ഏവരും സ്വീകരിക്കുന്നു. **നിങ്ങളുടെ ഒരു മഴയനുഭവം അറിയിച്ചുകൊണ്ട് വിദേശത്തു ജോലിചെയ്യുന്ന അമ്മാവന് ഒരു കത്ത് തയ്യാറാക്കുക.**

**പ്രവർത്തനം : 5**

കാലവർഷത്തെ ഒരു ഉത്സവം പോലെ കാത്തിരുന്നു. മഴയ്ക്ക് പല സ്വരങ്ങളുണ്ട്, താളക്രമമുണ്ട്. രാത്രിയിൽ പടിക്കലെ വയലിൽ നിന്ന് തവളകളുടെ കരച്ചിലും തോട്ടത്തിൽ നിന്നുള്ള ചീവീടുകളുടെ ശബ്ദവും ചേർന്നാലേ കാലവർഷത്തിന്റെ മേളം പൂർത്തിയാകൂ.

**മഴയുടെ താളവും സംഗീതവും സൗന്ദര്യവും ആസ്വദിക്കുവാൻ കൂട്ടുകാരനെ ക്ഷണിച്ചുകൊണ്ട് കത്ത് തയ്യാറാക്കുക.**

## മേഖല : II – സംഭാഷണം

**പ്രവർത്തനം : 1**

"നോക്കൂ തുമ്പീ ബഹു സുഖമേകും
മാരി പതിക്കുന്നു
കേൾക്കൂ മധുരം മധുരം ലളിതം
കിളികൾ ചിലയ്ക്കുന്നു."

മഴയെ സ്വാഗതം ചെയ്തുകൊണ്ടുള്ള വരികളാണിത്. മഴയെ ആഹ്ലാദത്തോടെ സ്വീകരിക്കുന്ന ജീവികളാണല്ലോ ആനയും തവളയും.

**പെരുമഴ സമയത്ത് അവർ നടത്താനിടയുള്ള സംഭാഷണം തയ്യാറാക്കുക.**

**പ്രവർത്തനം : 2**

'ഒരു കുടയും കുഞ്ഞു പെങ്ങളും' എന്ന കഥ വായിച്ചല്ലോ. മഴയത്ത് ലില്ലി നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്ക് മനസ്സിലായില്ലേ? മഴയ്ക്ക് ആരോടും ദാക്ഷിണ്യവുമില്ലല്ലോ. ലില്ലിക്ക് മഴ ഒരു ദുരനുഭവമായി തോന്നി. അവൾ തന്റെ വേദന മഴയോടു പങ്കുവെച്ചു. എന്തൊക്കെയാവാം അത് ?

**ലില്ലിയും മഴയും തമ്മിലുള്ള സംഭാഷണം തയ്യാറാക്കുക.**

**പ്രവർത്തനം : 3**

ചുട്ടുപൊള്ളുന്ന വേനലിൽ മഴ സ്വപ്നവും സ്വർഗ്ഗവുമാണ്. ആർത്തുപെയ്യുന്ന മഴ ചിലപ്പോൾ ശല്യവുമാണ്. വിവിധ ജീവജാലങ്ങൾ വ്യത്യസ്ത രീതിയിലാണ് മഴയോട് പ്രതികരിക്കുന്നത്. മഴ ഏറെ ഇഷ്ടപ്പെടുന്ന തേന്മാവും മഴയെ ഇഷ്ടപ്പെടാത്ത തേനീച്ചയും തമ്മിൽ മഴയെക്കുറിച്ച് എന്തൊക്കെയാവും പറയുക ?

**സംഭാഷണ രൂപത്തിൽ എഴുതി നോക്കൂ.**

**പ്രവർത്തനം : 4**

പണ്ട് മഴക്കാലം പട്ടിണിയുടെ കാലമായിരുന്നു. മഴ തുടർന്നാൽ പട്ടിണിയുടെ ഗന്ധം എല്ലായിടത്തും പടരും. മഴക്കാലത്തു വിശപ്പുകൂടും. മുത്തശ്ശിക്ക് മിന്നലിനെ പേടിയില്ല. ഇടിമുഴക്കം കേട്ടിട്ട് "വലിയ പത്തായം തുറക്കുവാന്ന് തോന്ന്ണ്." എന്നാണ് മുത്തശ്ശി പറയുക. എന്നാലിന്നത്തെ മഴക്കാലം എങ്ങനെയാണ് നിങ്ങൾക്ക് അനുഭവപ്പെടുന്നത്. ?

**പഴയകാല മഴയനുഭവമുള്ള മുത്തശ്ശിയും ഇക്കാലത്തെ മഴയനുഭവം മാത്രമുള്ള കുട്ടിയും തമ്മിലുള്ള സംഭാഷണം തയ്യാറാക്കുക.**

**പ്രവർത്തനം : 5**

വിനു ഇന്നു വളരെ സന്തോഷത്തിലാണ്. ഡ്രില്ലുള്ള ദിവസമാണല്ലോ. ബാറ്റും ബോളുമായാണ് അവൻ സ്കൂളിലെത്തിയത്. ഇന്ന് രണ്ട് വിക്കറ്റ് എടുക്കണം, കൂടുതൽ റൺസ് എടുക്കണം. 6–ാം പിരീഡെത്താൻ കാത്തിരിക്കുകയാണവൻ. അപ്പോഴാണ് എവിടെ നിന്നോ മഴ പാഞ്ഞെത്തിയത്. അവനാകെ സങ്കടമായി. അവൻ മഴയോട് ദേഷ്യപ്പെട്ടു. എന്തൊക്കെയോ വിളിച്ചു പറഞ്ഞു.

**വിനുവും മഴയുമായി നടന്ന സംഭാഷണമെന്തായിരിക്കും ?**

## മേഖല : III - ഡയറിക്കുറിപ്പ്

**പ്രവർത്തനം : 1**

"ഗ്രേസി ലില്ലിയെ കുടയിൽ കയറ്റിയില്ല അവൾ മഴനനഞ്ഞ് സ്കൂളിലെത്തി." എന്തിനാകുട്ടി ഈ മഴയത്ത് വന്നത്? പോയി വരാന്തയിൽ നിൽക്കു, ക്ലാസ്മുറി വൃത്തികേടാക്കാതെ" ടീച്ചറിന്റെ ഈ വാക്കുകൾ അവളെ വല്ലാതെ നൊമ്പരപ്പെടുത്തി. ഗ്രേസി അടക്കിച്ചിരിക്കുന്നത് ലില്ലികണ്ടു.

**ആ ദിവസം ലില്ലി എഴുതാനിടയുള്ള ഡയറിക്കുറിപ്പ് എങ്ങനെയായിരിക്കും.**

**പ്രവർത്തനം : 2**

ബേബി:- ലില്ലീ മഴ വരുന്നു.... നീ ഗ്രേസിയുടെ കൂടെ പൊയ്ക്കോ

ലില്ലി : - ഇച്ചാച്ചനോ ?

ബേബി:- ഞാൻ ഓടിക്കോളാം

അവൻ ഓട്ടമായി. ലില്ലിയെ ഗ്രേസി കുടയിൽ കയറ്റിയില്ല. സ്കൂളിലെത്തിയ അവൾക്ക് ദുഖകരമായ ചില അനുഭവങ്ങൾ ഉണ്ടായി. വീട്ടിലെത്തിയ അവൾ സങ്കടങ്ങൾ ഇച്ചാച്ചനുമായി പങ്കുവച്ചു.

**അന്ന് ബേബി എഴുതാനിടയുള്ള ഡയറിക്കുറിപ്പ് എങ്ങനെയായിരിക്കും?**

**പ്രവർത്തനം : 3**

പ്രവേശനോത്സവദിനം ഉണ്ണിമോൾ ഉണർന്നതുതന്നെ ഉത്സാഹത്തോടെയാണ്. പുത്തനുടുപ്പും പുതിയബാഗുമൊക്കെയായി സ്കൂളിൽ പോയതാണ് ഉണ്ണിമോൾ. കൂട്ടുകാരുമൊക്കെയായി തുള്ളിച്ചാടിക്കളിക്കുന്നതിനിടയ്ക്കാണ് മഴയുടെ വരവ്. ഉടുപ്പും ചെരുപ്പുമൊക്കെ നനഞ്ഞു. വീട്ടിലെത്തിയപ്പോൾ അമ്മയുടെ ശകാരവും കിട്ടി.

പ്രവേശനോത്സവവിശേഷങ്ങളും മഴയുടെ അവിചാരിതമായ വരവുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് **ഉണ്ണിമോൾ എഴുതാനിടയുള്ള ഡയറിക്കുറിപ്പ് തയ്യാറാക്കുക.**

**പ്രവർത്തനം : 4**

ആകാശത്തുനിന്നു താഴെ ഭൂമിയിൽ പതിച്ച ഒരു മഴത്തുള്ളി തിരിച്ച് ആകാശത്തു ചെന്ന് ഭൂമിയിൽ താൻ കണ്ടതും, തനിക്കനുഭവപ്പെട്ടതുമായ കാര്യങ്ങൾ കൂട്ടുകാരായ മറ്റു മഴത്തുള്ളികളുമായി പങ്കുവയ്ക്കുന്നു.

**ഈ അനുഭവങ്ങൾ മഴത്തുള്ളി ഡയറിക്കുറിപ്പായിട്ട് എഴുതാൻ തീരുമാനിച്ചു. മഴത്തുള്ളി എന്തൊക്കെ എഴുതിയിരിക്കും?**

**പ്രവർത്തനം : 5**

കൊടിയവേനൽക്കാലം, വറ്റി വരണ്ടുകിടക്കുന്ന ജലാശയങ്ങൾ, ദാഹജലത്തിനായി നെട്ടോട്ടമോടുന്ന ജനങ്ങൾ, വരണ്ടുണങ്ങിക്കിടക്കുന്ന ഭൂമിയിലേയ്ക്ക് ഒരു തുള്ളിയെങ്കിലും വീണെങ്കിൽ എന്നാഗ്രഹിച്ചുപോകുന്ന നിമിഷം. പെട്ടന്നെത്തിയ വേനൽമഴയെ സ്നേഹത്തോടെ ഏവരും സ്വീകരിച്ചു.

**ആ ദിവസം വേനൽമഴ എഴുതാനിടയുള്ള ഡയറിക്കുറിപ്പ് എഴുതുക.**

## മേഖല : IV വിവരണം

**പ്രവർത്തനം : 1**

ജലം നമുക്ക് ജീവനാണ്. അത് ജീവജാലങ്ങളുടെ നിലനില്പിനാധാരവുമാണ്. വരൾച്ച കൂടിവരുന്നു. മഴമാറിയാലുടൻ തന്നെ മഴവെള്ളത്തിനായുള്ള പരക്കം പാച്ചിലാണ്. ഇതിനെ നേരിടാൻ നമുക്കെന്തുചെയ്യാൻ കഴിയും?

**ജലസംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുള്ള ഒരു വിവരണം തയ്യാറാക്കുക.**

* മഴവെള്ളസംഭരണിയുടെ പ്രാധാന്യം, വേനൽക്കെടുതികൾ, ദുർവ്യയം, ജലമലിനീകരണം ഇവയെക്കൂടി പരിഗണിക്കുമല്ലോ ?

**പ്രവർത്തനം : 2**

കോരിച്ചൊരിയുന്ന കാലവർഷം തുടങ്ങുമ്പോൾ തന്നെ പകർച്ചവ്യാധികളും എത്തുകയായി. ചിക്കുൻഗുനിയ, വയറിളക്കം, കോളറ, H1 N1 എന്നിങ്ങനെ നമ്മുടെ നാട്ടിൽ നിന്ന് തുടച്ചുമാറ്റപ്പെട്ടുവെന്നുകരുതിയിരുന്ന പല രോഗങ്ങളും തിരിച്ചുവരികയാണ്. മനുഷ്യന്റെ മാറിവരുന്ന ജീവിതചര്യകളും അനാസ്ഥയുമാണ് ഇത്തരം രോഗങ്ങൾക്കു കാരണമാകുന്നത്.

ഇവയെ നിയന്ത്രണ വിധേയമാക്കി ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കണം. **ഈ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വിവരണം തയ്യാറാക്കുക.**

**പ്രവർത്തനം : 3**

പ്രസിദ്ധ സാഹിത്യകാരമായ എം.ടി.യുടെ മഴക്കാലാനുഭവം "മഴ പെയ്യണ ് പെയ്യലി" ലൂടെ അറിയുവാൻ കഴിഞ്ഞല്ലോ ?

ജീവിതോപാധിയായ കൃഷിയെ ഒരു കാലത്ത് മഴ വളരെയധികം സ്വാധീനിച്ചിരുന്നു.

ഇതുപോലെ **നിങ്ങളുടെ ഒരു മഴയനുഭവം വിവരിക്കാമോ?**

**പ്രവർത്തനം : 4**

പുതുമഴ ജല ക്ഷാമംതീർന്നു

വിഷപ്പാമ്പുകൾ ജനങ്ങളെ പരിഭ്രാന്തരാക്കി

ജീവജാലങ്ങൾക്ക് ആഹ്ലാദം

മരണവീട് വെള്ളത്തിലായി മൃതദേഹം ആംബു ലൻസിൽ നിന്നിറക്കാനായില്ല

ഡാമിൽ ജലനിരപ്പ് ഉയർന്നു പവർകട്ട് പിൻവലിച്ചു.

മഴ......ഉരുൾപൊട്ടൽ........വെള്ളപൊക്കം.. ലക്ഷങ്ങളുടെ നാശം.

മണ്ണിടിഞ്ഞു വീണു അമ്മയ്ക്കും മകൾക്കും പരിക്ക്

മഴക്കാലത്തെ ചില മഴയനുഭവങ്ങളുടെ വാർത്താശകലങ്ങളാണ് നൽകിയിരിക്കുന്നത്. ഇതിലൂടെ മഴയുടെ ഗുണങ്ങളും ദോഷങ്ങളും വ്യക്തമാകുന്നുണ്ടല്ലോ ? **ഇതിനെ ആസ്പദമാക്കി ഒരു വിവരണം തയ്യാറാക്കുക.**

**പ്രവർത്തനം : 5**

“മഴവില്ലിന് കുപ്പായം
മാനത്തുള്ളൊരു മഴവില്ല്
അഴക് തുടിക്കും മഴവില്ല്
കാവടിപോലെ മഴവില്ല്
താഴേക്കൊന്നുവരുമോ നീ ?
എങ്കിൽ നിനക്കായ് തുന്നാം ഞാൻ
ഭംഗിയെഴുന്നൊരു കുപ്പായം”

(പുതുമഴ) അസ്‌ലഹ.പി.വി.

*മഴമാറി, മാനം തെളിഞ്ഞു, ആകാശത്ത് മഴവില്ല്* . **പ്രകൃതിയുടെ മനോഹര ദൃശ്യത്തിന്റെ ഒരു വിവരണം തയ്യാറാക്കുക.**

## മേഖല : V താരതമ്യക്കുറിപ്പ്

**പ്രവർത്തനം :1**

കാലവർഷം കുറച്ചു ദിവസങ്ങൾ തടർച്ചയായി തകർത്തു പെയ്താൽ കുളങ്ങൾ നിറയും, വയലുകൾ നിറയും, പുഴയിലെ വെള്ളം ഉയരും.
“വെള്ളം കൂടിയാലേ ഭൂമി തണുക്കൂ.” പെയ്തകന്നു പോയ കാലവർഷങ്ങളുടെ സ്വരങ്ങളും മേളങ്ങളും എം.ടിയുടെ ഓർമ്മയിൽ ഇപ്പോഴും നിലനിൽക്കുന്നു. മഴുടെ ഘോഷം കേട്ട കാലം എത്രയകലെയാണെന്ന് അദ്ദേഹം ചിന്തിക്കുന്നു.

കനത്ത മഴയ്ക്കൊടുവിൽ ഉരുൾ പൊട്ടലും മലവെള്ളപ്പാച്ചിലും വന്നതോടെ പഴുമലയും പരിസരപ്രദേശങ്ങളും തീർത്തുംദുരിതത്തിലായി.

വേങ്ങത്താനം പാലമ്പടം എസ്റ്റേറ്റിൽ ഉരുൾ പൊട്ടി വീടുകൾ ഒലിച്ചു പോയി.

കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ റോഡിൽ ഗതാഗതം തടസ്സപ്പെട്ടു.

**കാലവർഷ ചിന്തകളും വാർത്താശകലങ്ങളും താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക**

**പ്രവർത്തനം :2**

ഒരു മഴ പെയ്തു
ഭൂമി കുളിർത്തു
ഒരു കതിർ നീണ്ടു
ഭൂമി പൊലിച്ചു.

(ഒരു മഴ പെയ്തു – അയ്യപ്പപ്പണിക്കർ)

മഴക്കാലമാണ്

മറക്കേണ്ട കുഞ്ഞേ

മനസ്സീർപ്പമാർന്ന്

മഹാരോഗമൊന്നും

വരുത്തേണ്ട കുഞ്ഞേ

( മഴക്കാലം - അൻവർ അലി)

പ്രതീക്ഷയുടെ നാമ്പുകളല്ലേ അയ്യപ്പപണിക്കരുടെ കവിതയിൽ പറഞ്ഞിരിക്കുന്നത്? അൻവർ അലിയുടെ മഴക്കാലം എന്ന കവിതയിലെ പ്രമേയം അതാണോ?

**ഈ രണ്ടു കവിതകളെയും താരതമ്യപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.**

**പ്രവർത്തനം :3**

## പ്രകൃതിയുടെ ഉത്സവം

പുറത്ത് കളകളനാദം കേൾക്കുന്നു. ചിലപ്പോൾ ഘോര ശബ്ദത്തിൽ പടക്കം പൊട്ടുന്നു. അതിഭയങ്കരമായ വെളിച്ചം ഉറക്കം കെടുത്തുന്നുണ്ട്. വൃക്ഷങ്ങൾ നിലം പതിക്കുന്ന കഠിനമായ ശബ്ദങ്ങൾ. കാക്ക തന്റെ സർവ്വ ശക്തിയുമെടുത്ത് കരയുന്ന ശബ്ദം. അത് കാക്ക തന്നെയാണോ ?

എന്റെ മനസ്സിലൂടെ എന്തൊക്കെയോ കടന്നു പോയിക്കൊണ്ടിരുന്നു. ഭ്രാന്തിന്റെ ലക്ഷണമാണോ ? ഞാൻ ഭയന്നു. ഇടയ്ക്കിടെയുള്ള ശക്തിയുള്ള ശബ്ദം എന്റെ കാതിൽ തുളച്ചു കയറികൊണ്ടിരുന്നു.

എന്തൊരു ശബ്ദം! ഇതൊന്നവസാനിച്ചിരുന്നെങ്കിൽ, അവൾ പിറുപിറുത്തു. ഇല്ല നിൽക്കുന്നില്ല. കൂടുതൽ ശക്തിയോടെ പെയ്തുകൊണ്ടിരിക്കുന്നു.

എന്താ പുറത്ത് ഉത്സവം നടക്കുകയാണോ? പെട്ടെന്ന് ശക്തിയായ ഒരു ശബ്ദം അലയടിച്ചു. ഠോ! ഞാൻ ഞെട്ടി. തണുത്തു വിറച്ചു. പെട്ടെന്ന് എല്ലാം നിശ്ചലമായി. എങ്കിലും ഒരു തണുത്ത കാറ്റ് വീശിക്കൊണ്ടിരുന്നു.

(പുതുമഴ) രാഹുൽ കെ.കെ.

**<u>എന്റെ മഴ</u>**

ഞാൻ വളരെ കുറച്ച് മഴയേ കണ്ടിട്ടുള്ളു. പണ്ട് ഒരു ഇടവപ്പാതി മഴയത്ത് ഞാൻ മുട്ടുകുത്തി വെള്ളത്തിലിറങ്ങി. അമ്മ വന്ന് എന്നെ തല്ലി അകത്തേയ്ക്കോടിച്ചു. ഇടവപ്പാതി മഴയ്ക്ക് ആദ്യം വരുന്നത് ഒരു കുഞ്ഞിക്കാറ്റാണ്. ഇടവപ്പാതി മഴയുടെ മണം പൊടിമണ്ണിന്റെ മണമാണ്. കൊതിപ്പിക്കുന്ന മണം. ആകാശത്ത് വെയിൽ പെട്ടെന്ന് മങ്ങുന്നു. മാനം കറുക്കുന്നു. പതിഞ്ഞ ഇരമ്പൽ ശബ്ദം കേട്ടു തുടങ്ങുന്നു. അതൊരു മുഴക്കമായി ഇരച്ചു പാഞ്ഞു വരുന്നു. കുറച്ചുകഴിഞ്ഞ് പെരുമഴ മുറ്റത്തതാ  വീഴുന്നു.

( പുതുമഴ)                    പ്രദീപ്

*മഴ കാണുകയും അറിയുകയും ചെയ്ത രണ്ടു പേരുടെ അനുഭവങ്ങളാണ് ഈ കഥകൾ.* **കഥകളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

**പ്രവർത്തനം :4**

## <u>വിശപ്പ്</u>

മഴ എന്നും കൊതിച്ചത്
അവളുടെ
ചിരികാണാനാണ്
പക്ഷേ...
അവൾ ചിരിച്ചില്ല
കാരണം മഴയ്ക്ക്
വിശപ്പു മാറ്റാനാവില്ലല്ലോ.

സജ്ന. സി.

**വൃദ്ധസദനം**

മറ്റു ചെടികളാൽ അവഗണിക്കപ്പെട്ട്
ഒറ്റയ്ക്കു നിൽക്കുന്ന
ചിതലരിച്ച മരത്തിനോട്
അയാൾ പറഞ്ഞു
നിനക്കും എനിക്കും ഇവിടെത്തന്നെ ആശ്രയം
**(വൃദ്ധസദനം)** മിഥുൻ.കെ

സജ്നയുടെ വിശപ്പ് എന്ന കവിതയും മിഥുൻ എഴുതിയ വൃദ്ധസദനം എന്ന കവിതയും **താരതമ്യം ചെയ്ത് നിങ്ങളുടെ ഭാവനയിൽ എഴുതുക.**

**പ്രവർത്തനം :5**

"ഒലി നിന്ന പുഴയിൽ കുഴികളിൽ വെള്ളം
ഓഴക്കു വെള്ളം , ഒലിക്കാത്ത വെള്ളം
കുഴിവെള്ളം കൂടി കുടിച്ചുതീരുമ്പോൾ
കിന്തിപ്പുഴേ, നീ മരിച്ചിരിക്കുന്നു."

ഒളപ്പമണ്ണ

ചിരിവരുന്നുണ്ടിതു ചിന്തിക്കുമ്പോൾ
ഇനി നീയിപ്പാലത്തിൽ നാട്ടനൂഴും
അംബേ, പേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കു ചാലായ്

ഇടശ്ശേരി

ഇവിടെ പുഴയുടെ വ്യത്യസ്തമായ മുഖങ്ങളാണ് കവികൾ പറഞ്ഞിരിക്കുന്നത്. **ഈ രണ്ടു കാവ്യശകലങ്ങളും താരതമ്യം ചെയ്ത് എഴുതുക.**